കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് നടപടി

207 [1607] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ എണ്ണം, വർക്ക്ലോഡ്, വിദ്യാർത്ഥി–അദ്ധ്യാപക അനുപാതം എന്നിവ കണക്കിലെടുത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഗവൺമെന്റ് നിശ്ചയിച്ച മാനദണ്ഡ പ്രകാരം ബി. ആർക്ക് വിഭാഗത്തിൽ 2004-ൽ തന്നെ ആവശ്യമായ അദ്ധ്യാപക തസ്തികകൾ അനുവദിക്കുകയും കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ 2005 ആയിട്ടും തസ്തികകൾ അനുവദിക്കാതിരിക്കുകയും ചെയ്തിട്ടുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) മാനദണ്ഡങ്ങൾ അനുസരിച്ച് ടി. കെ. എം. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആവശ്യമായ തസ്തികകൾ അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കാമോ;

(ഡി) തസ്തികകൾ അനുവദിക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ ആൻഡ് ബി) കമ്പ്യൂട്ടർ വിഭാഗത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി ആൻഡ് ഡി) വിശദമായ പരിശോധന ഇക്കാര്യത്തിൽ വേണ്ടി വരുന്നതിനാലാണ് കാലതാമസം.

അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി

208 [1608] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) 5 കിലോമീറ്ററിലധികം യാത്ര ചെയ്യേണ്ടതിനാൽ യു. പി., എച്ച്. എസ്. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പഠനം നിർത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെയുള്ള സ്ഥലങ്ങളിൽ സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഇല്ലാത്ത അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly